**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 588** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ളതും സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്നതുമായ ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960-ലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് ആണ് ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. ഓർഫനേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഹോംസ് ആക്റ്റ് അനുസരിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്; അറിയിക്കുമോ; | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ & കൺട്രോൾ)ആക്ട്, 1960 പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്നത് ഉറപ്പ് വരുത്തുന്നുണ്ട്. ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960 സെക്ഷൻ-13 ലെ വ്യവസ്ഥകൾ പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാതെ ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ഹോമുകൾ സ്ഥാപിച്ച് നടത്തുന്നതിനുള്ള അംഗീകാരം നൽകുകയും നിശ്ചിത സമയത്ത് അംഗീകാരം പുതുക്കി നല്കുകയും ചെയ്യുന്നത് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ്. വിശദാംശങ്ങൾ അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമായി | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കാര്യക്ഷമമായി നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | പരിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (ഡി) | സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്ന ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹായിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്ഥാപനങ്ങൾ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഹോമുകൾ സ്ഥാപിച്ച് നടത്തുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. സ്വകാര്യ സ്ഥാപനങ്ങളും, വ്യക്തികളും നടത്തുന്ന ക്ഷേമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, സഹായിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ